LIBRARY ARCHIVES Kerala Legislative Assembly

ഡിഗ്രി/പോസ്റ്റ് ഗ്രാഡുവേറ്റ്/എം. ഫിൽ കോഴ്സുകൾ ആരംഭിക്കാൻ അനുമതി

122 [3648] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പരമ്പരാഗത കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ കുട്ടികൾ കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കോഴ്സുകൾ കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ശാസ്ത്ര സാങ്കേതിക വികസനത്തിനനുസരിച്ചുള്ള നൂതനങ്ങളായ ഡിഗ്രി/പോസ്റ്റ് ഗ്രാഡുവേറ്റ്/എം. ഫിൽ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം കോഴ്സുകൾ കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചതായി സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്.

(സി)&(ഡി) ശാസ്ത്ര സാങ്കേതിക വികാസത്തിനനുസരിച്ചുള്ള നൂതനങ്ങളായ ഡിഗ്രി/പോസ്റ്റ് ഗ്രാഡുവേറ്റ്/എം. ഫിൽ കോഴ്സുകളിൽ ഇപ്പോൾ കേരളത്തിലെ സർവ്വകലാശാലകളിൽ അദ്ധ്യയനം നടത്തി വരുന്നു. കൂടുതൽ നൂതന വിഷയങ്ങൾ അവയുടെ ലഭ്യതയും തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതയും കണക്കിലെടുത്ത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള മിനിമം യോഗ്യത

123 [3649] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ യു. ജി. സി., എ. ഐ. സി. ടി. ഇ., എൻ. സി. ടി. ഇ., ഐ. എം. സി. തുടങ്ങിയ സമിതികൾ നിർദ്ദേശിച്ചിട്ടുള്ള മിനിമം യോഗ്യത ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ ഏറ്റവും ചുരുങ്ങിയ വേതനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) അദ്ധ്യാപകരുടെ പ്രായപരിധി സംബന്ധിച്ച് എടുത്ത തീരുമാനം വ്യക്തമാക്കുമോ;

(ഡി) ഈ കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

GPM. 2/255/2012—20